(എ) സംസ്ഥാനത്ത് ജില്ലാ ഗ്രാമവികസന ഏജൻസിയിൽ അക്കൗണ്ട്സ് ഓഫീസറായി ചാർട്ടേർഡ് അക്കൗണ്ടന്റിനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തസ്തികയിൽ ഗ്രാമവികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കാൻ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉദ്യോഗസ്ഥരുടെ പുനർവിന്യാസം

81 (1442) ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആവശ്യത്തിന് വിദഗ്ദ്ധൻമാരായ ഉദ്യോഗസ്ഥൻമാരില്ലാത്തതുമൂലം ഗ്രാമീണ പഞ്ചായത്തുകൾ തയ്യാറാക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച ഫണ്ടിന്റെ വിനിയോഗം

82 (1443) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ വിനിയോഗത്തിന് ബെനിഫിഷ്യറി കമ്മിറ്റികൾ രൂപവൽക്കരിക്കാതെ കോൺട്രാക്ടർമാരെ ബിനാമിയായി വച്ചിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര പഞ്ചായത്തുകളിൽ ഇത്തരം സംഭവം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സംഭവങ്ങളിൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു

(സി) മൂന്നു ബ്ലോക്കു പഞ്ചായത്തുകളെ സംബന്ധിച്ച പരാതിയിൻമേൽ അന്വേഷണം നടക്കുന്നുണ്ട്. അന്വേഷണറിപ്പോർട്ട് ലഭ്യമായതിനു ശേഷം ഇതിൻമേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ജനകീയാസൂത്രണ പരിപാടികൾ സംബന്ധിച്ച ചെലവുകളുടെ ആഡിറ്റിംഗ്

83 (1444) ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. നാലകത്തു സൂപ്പി :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജനകീയാസൂത്രണ പരിപാടികൾ സംബന്ധിച്ച ചെലവുകൾ ഉൾപ്പെടെയുള്ള കണക്കുകൾ പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും ആഡിറ്റിംഗിന് സമർപ്പിക്കേണ്ടത് എപ്പോഴാണ്;

(ബി) ഈ കണക്കുകൾ സമർപ്പിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഇതനുസരിച്ച് കണക്കുകൾ സമർപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന്റെ ചുമതല ആർക്കാണ്;

(ഡി) കാലപരിധി കഴിഞ്ഞിട്ടും കണക്കുകൾ ബന്ധപ്പെട്ടവർ സമർപ്പിക്കുന്നില്ലെങ്കിൽ അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ലോക്കൽ ഫണ്ട് ആഡിറ്റ് നിയമം അനുസരിച്ച് സാമ്പത്തിക വർഷം അവസാനിച്ച് നാലു മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതായുണ്ട്.

(ബി) ഉണ്ട്.

(സി) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർക്ക്.

(ഡി) 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ സെക്ഷൻ 9(2) പ്രകാരം നിയമ നടപടികൾ സ്വീകരിക്കുവാൻ ഓഫീസ് മേധാവികൾക്ക് അധികാരം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളിലെ ഓഡിറ്റ്

84 (1445) ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly